**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം മൂവാറ്റുപുഴ നഗരസഭയിലെ സീനിയർ ക്ളർക്ക് ശ്രീമതി. സീമ കെ ബി -പലിശരഹിത മെഡിക്കൽ അഡ്വാൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1815/2018/തസ്വഭവ            തീയതി, തിരുവനന്തപുരം, 03.07.2018

പരാമർശം :

1. 18.02.1997 ലെ സ.ഉ.(പി)നം .45/97/ ആ.കു.വ
2. 02.11.2000 ലെ സ.ഉ.(പി)നം .285/2000/ ആ.കു.വ
3. 20.11.2001 ലെസ.ഉ.(പി)നം. 298/2001/ആ.കു.വ
4. മൂവാറ്റുപുഴ നഗരസഭയിലെ സീനിയർ ക്ളർക്ക് ശ്രീമതി. സീമ കെ ബി സമർപ്പിച്ച 28.04.2018 ലെ അപേക്ഷ
5. മൂവാറ്റുപുഴ നഗരസഭാ സെക്രട്ടറിയുടെ 28.04.2018 തീയതിയിലെ ജി1-17089/17 നമ്പർ കത്ത്
6. നഗരകാര്യഡയറക്ടറുടെ 17.05.2018 തീയതിയിലെ ഡിസി1-7428/2018 നം. കത്ത്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ മൂവാറ്റുപുഴ നഗരസഭയിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി. സീമ കെ ബി, തനിക്ക് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ചികിൽസയ്ക്ക് 2,50,000/- രൂപ പലിശരഹിത മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിന് പരാമർശം 4 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത ചികിത്സയ്ക്ക റീജിയണൽ ക്യാൻസർ സെന്ററിൽ നിന്നുള്ള എക്സ്പെൻഡിച്ചർ സർട്ടിഫിക്കറ്റ് സഹിതം നഗരസഭാസെക്രട്ടറി ലഭ്യമാക്കിയതിൻ പ്രകാരം ആയത് അനുവദിക്കുന്നതിനായി നഗരകാര്യഡയറക്ടർ പരാമർശം 6 പ്രകാരം ശുപാർശ ചെയ്ത് നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 മുതൽ 3 വരെയുള്ള സർക്കാർ ഉത്തരവുകൾക്കും ചുവടേ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി തദ്ദേശസ്വയംഭരണ വകുപ്പിൽ മുവാറ്റുപുഴ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.സീമ.കെ.ബി-യ്ക്ക് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ക്യാൻസർ ചികിൽസയ്ക്കായി Rs.2,50,000/- (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പലിശ രഹിത ചികിൽസാ വായ്പ അനുവദിച്ച് ഉത്തരവാകുന്നു.

i) ഇതുമായി ബന്ധപ്പെട്ട ചെലവ് മുവാറ്റുപുഴ നഗരസഭയുടെ തനത്ഫണ്ടിൽനിന്നും അനുവദിക്കേണ്ടതാണ്.

ii) ഇപ്രകാരം അനുവദിച്ച 2,50,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ ശ്രീമതി.സീമ.കെ.ബി, സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതാണ്.

iii) ബന്ധപ്പെട്ട മെഡിക്കൽ ആഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷക ഹാജരാക്കേണ്ടതാണ്. പലിശ രഹിത ചികിത്സാ വായ്പ 6 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

iv) പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കുന്നതും വായ്പക്കാരിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

v) പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പർ തീയതി എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരിയുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**വി.എസ്.സന്തോഷ്**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, മുവാറ്റുപുഴ നഗരസഭ.

ശ്രീമതി.സീമ.കെ.ബി, സീനിയർ ക്ലാർക്ക്, മുവാറ്റുപുഴ നഗരസഭ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനവകുപ്പ്(Vide U.O.No.864958/Dev1/321/2018-FIN dated 30.06.2018)

ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്(Vide U.O No. 2522786/G2/2018/H&FWD dated 30.05.2018)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ